# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1763** — **07.03.2018-ൽ മറുപടിക്ക്**

**ചിറ്റൂർ താലൂക്ക് ആശുപത്രി വികസനത്തിന് തയ്യാറാക്കിയ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിന് സമർപ്പിക്കപ്പെട്ട പദ്ധതിരേഖയിൽ ആരോഗ്യ വകുപ്പ് ആസൂത്രണ വിഭാഗം ഇന്നേ വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള 44 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വിഭാഗം തയ്യാറാക്കി ലഭ്യമായത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നെങ്കിലും കിഫ്ബി ഫണ്ടിൽ പ്രസ്തുത നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ മറ്റേതെങ്കിലും ഫണ്ട് കണ്ടെത്തണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |
| ബി) | ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കഴിഞ്ഞ 10 വർഷം ആരോഗ്യ വകുപ്പ് നീക്കിവെച്ച പണത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | ബി) | 1. ഒ.പി./ഓഫീസ് ബ്ലോക്ക് നിർമ്മാണം - 42,31,906/- രൂപ (2009-ാം വർഷം)<br>2. ഓപ്പറേഷൻ തിയേറ്റർ നിർമ്മാണം. - 20,60,000/- രൂപ (2011-ാം വർഷം)<br>3. ലേബർ വാർഡ് നിർമ്മാണം - 35,00,000/- രൂപ (2013-ാം വർഷം)<br><br>ചിറ്റൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.കെ.കൃഷ്ണൻകുട്ടി അവർകളുടെ ആസ്തി വികസന ഫണ്ട് മുഖേന ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി 18/09/2017-ലെ സ.ഉ. (സാധാ) നം.2495/2017/ആ.ക.വ നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ടി ആശുപത്രിയിൽ രക്ത ബാങ്ക് നിർമ്മാണത്തിനായി |

| | | | |
|---|---|---|---|
| | | | കെ.എസ്.എ.സി.എസ്. 70 ലക്ഷം രൂപ അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡും, കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയും സംയുക്തമായി ചേർന്ന് ഡയാലിസിസ് യൂണിറ്റ് (4 കിടക്ക)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ ഫണ്ട് ഉപയോഗിച്ച് ഫാമിലി വെൽഫെയർ സ്റ്റോറിന്റെ നിർമ്മാണം പൂർത്തിയാക്കാറായിട്ടുണ്ട്. മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**